പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 30/06/2011-ൽ മറുപടി
ചോദ്യം നം: 817 | നല്കേണ്ടത്

'മൂന്നാർ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.സണ്ണി ജോസഫ്:<br>ശ്രീ. വി.റ്റി. ബൽറാം: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) മൂന്നാറിലെ കൈയേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമപ്രകാരം എൽ സി. നടപടികൾ സ്വീകരിച്ചുവരുന്നു. കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട കൈയേറ്റക്കാരെ 'Summary Eviction' നടത്തി ഒഴിപ്പിച്ചുവരുന്നു. കൈയേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ (ഭേദഗതി) നിയമം 2009 പ്രകാരം ക്രിമിനൽ നടപടി സ്വീകരിക്കുന്നതിന് പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ അറിവോടുകൂടി കയ്യേറ്റങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി)കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ദീർഘകാലമായി കുടിയേറി താമസിക്കുന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (സി) 'Summary Eviction' നടത്തി കയ്യേറ്റഭൂമി ഒഴിപ്പിച്ചുവരുന്നു. ദീർഘകാലമായി ഭൂമി കൈയേറി താമസിക്കുന്നവർക്കെതിരെ എൽ.സി. നടപടികൾ സ്വീകരിച്ചുവരുന്നു. 1977ന് മുൻപ് കുടിയേറി താമസിച്ചുവരുന്നവർക്ക് പട്ടയം നല്കുന്നതിന് നടപടി ത്വരിതപ്പെടുത്തുന്നതാണ്. |
| (ഡി) ആദിവാസികളെ മുൻനിറുത്തിയുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, | (ഡി) ആദിവാസികളെ കവചമാക്കി കയ്യേറ്റം നടത്താൻ ചില വിഫലശ്രമങ്ങൾ നടന്നിട്ടുണ്ട്. |
| (ഇ) ഭൂമാഫിയകളും മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്നവരും മൂന്നാർ-ചിന്നക്കനാൽ ഭാഗങ്ങളിൽ സ്ഥലം കയ്യേറിയിട്ടുണ്ടോ; എങ്കിൽ ഇത് തിരിച്ചുപിടിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ? | (ഇ) ഭൂമാഫിയ മൂന്നാർ- ചിന്നക്കനാൽ പ്രദേശങ്ങൾ അനധികൃതമായി ഭൂമി കൈവശപ്പെടുത്താനുള്ള ശ്രമം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ